കേരള സർക്കാർ

(സംഗ്രഹം)

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി –2002–2003 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്– ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തിക കാര്യ(എ)വകുപ്പ്

ജി.ഒ.(എം.എസ്)നമ്പർ.42/2003/പ്ലാനിംഗ് തിരുവനന്തപുരം,2003,മാർച്ച്,24

---

പരാമർശം: 06–06–2002 ലെ ജി.ഒ. (എം.എസ്)20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താംപഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പഞ്ചവത്സര പദ്ധതിരേഖയും 2002–2003 വാർഷിക പദ്ധതി പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതികൾ അംഗീകരിച്ചിട്ടുണ്ട്.

2. എന്നാൽ ചില വികസന മേഖലകളിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ 2002–2003 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകേണ്ടതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

3. കോർഡിനേഷൻ സമിതിയുടെ ശുപാർശകൾ ഗവൺമെന്റ് വിശദമായി പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2002–2003 വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്തുന്നതിന് ചുവടെ വിവരിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2002–2003 വാർഷിക പദ്ധതിയൽ ചുവടെ പ്രതിപാദിക്കുന്ന പരിപാടികൾ ഉൾപ്പെടുത്തുന്ന തിനു വേണ്ടി മാത്രമെ ജില്ലാ ആസൂത്രണ സമിതി അംഗീകതരിച്ച പ്രോജക് ടുകളിൽ ഭേദഗതി വരുത്താവൂ.

(i) വാല്മീകി അംബേദ്കർ ഭവന നിർമ്മാണ പദ്ധതിയ്ക്ക് നഗരസഭാ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടുത്തുവാൻ

(ii) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (Sampoorna Garmin Rozgar Yojana) പ്രകാരം അധികം ലഭിക്കുന്ന കേന്ദ്രവിഹിതം വിനിയോഗിക്കുവാൻ

(iii) ആർ.ഐ.ഡി.എഫ്. പരപാടിയുടെ 10 ശതമാനം തുക തദ്ദേശഭരണ സ്ഥാപന ങ്ങളുടെ വിഹിതമായി വകയിരുത്തുവാൻ

(iv) അംഗീകാരം ലഭിച്ച ഏതെങ്കിലും പ്രോജക്ട് എം.പി. യുടെയോ, എം.എൽ.എ യുടെയോ പ്രാദേശിക വികസന പരിപാടി പ്രകാരം നടപ്പിലാക്കുകയാണെങ്കിൽ പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുവാൻ

(v) ഭൂമി ആവശ്യമുള്ള ഏതെങ്കിലും പ്രോജക്ടിന് ഭൂമി ലഭിക്കാത്തതു കൊണ്ടോ കണ്ടെത്തിയ ഭൂമി കോടതി ഇടപെടൽ മൂലം ഏറ്റെടുക്കാൻ കഴിയാത്തതു

കൊണ്ടോ പ്രോജക്ട് നടപ്പിലാക്കാൻ കഴിയില്ലെങ്കിൽ പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുവാൻ

(vi) കെഡസ്ട്രൽ മാപ്പ് തയ്യാറാക്കുക, വെബ്സൈറ്റിന് വിഹിതം നല്കുക, കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് ഭൗതികസൗകര്യം ഒരുക്കുക മുതലായ പ്രോജക്ടുകൾക്ക് പദ്ധതി വിഹിതം വകയിരുത്തുവാൻ

മുകളിൽ പ്രതിപാദിച്ച പരിപാടികൾ 2002–2003 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി അംഗീകരിച്ച പ്രോജക്ടിന്റെ പദ്ധതി വിഹിതത്തിലോ പദ്ധതിയിതര വിഹിതത്തിലോ വ്യതിയാനം വരുത്തുകയാണെങ്കിൽ ആ പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി തീരുമാനപ്രകാരം ഭേദഗതി ചെയ്ത രീതിയിൽ നടപ്പാക്കാവുന്നതാണ്. എന്നാൽ ഭേദഗതി സംബന്ധിച്ച ഭരണ സമിതി തീരുമാനത്തിന്റെ പ്രമയം, ഒറിജിനൽ പ്രോജക്ട്, ഭേദഗതി ചെയ്ത പ്രോജക്ട്, മറ്റ് രേഖകൾ എന്നിവ ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണത്തിന് സമർപ്പിക്കേണ്ടതാണ്.

മുകളിൽ പ്രതിപാദിച്ച പരിപാടികൾ ഉൾപ്പെടുത്തുന്നതിനു വേണ്ടി അംഗീകരിച്ച ഏതെങ്കിലും പ്രോജക്ട് ഒഴിവാക്കുകയാണെങ്കിൽ ഒഴിവാക്കുന്ന പ്രോജക്ട് സംബന്ധിച്ച വിവരം ഭരണ സമിതി തീരുമാനത്തിന്റെ പ്രമേയം ഉൾപ്പെടെ ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇപ്രകാരം 2002–2003 വാർഷിക പദ്ധതി ഭേദഗതി ചെയ്യുമ്പോൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിട്ടുള്ള മേഖലാ വിഭജനത്തിൽ മാറ്റം വരാൻ പാടില്ലാത്തതാണ്.

ഈ ഉത്തരവ് പ്രകാരം പ്രോജക്ടുകളിൽ വരുത്തുന്ന ഭേദഗതികളും മാറ്റങ്ങളും സംബന്ധിച്ച എല്ലാ നടപടികളും 2003 മാർച്ച് 31 ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രാകാരം

എസ്.എം. വിജയാനന്ദ്

ഗവണ്മെന്റ് സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമവികസന കമ്മീഷണർ
3. ഡയറക്ടർ, അർബൻ അഫയേഴ്സ്
4. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനം
5. ഗവണ്മെന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണം (Rural)
6. ഗവണ്മെന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണം (Urban)
7. മറ്റ് എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവണ്മെന്റ് സെക്രട്ടറിമാർക്കും
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ് (അടിയന്തിര പത്രക്കുറിപ്പിന്)
10. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും
12. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

14. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
15. എല്ലാ മേയർമാർക്കും സെക്രട്ടറിമാർക്കും
16. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

പകർപ്പ് :

1. മുഖ്യമന്ത്രിയുടെപ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ
6. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
7. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
8. തദ്ദേശസ്വയംഭരണ വകുപ്പ്
9. ഗ്രാമവികസന വകുപ്പ്
10. ആസൂത്രണ വകുപ്പ്